**പതിനാലാം കേരള നിയമസഭ**

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2089 — 11.03.2020 ലെ മറുപടിക്ക്

**കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും കയറ്റുമതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | എ) പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നു. ഇവ കയറ്റുമതി ചെയ്യുന്നതിനായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലക്ക് വിൽക്കുന്നതിന് കേരള സർക്കാർ ആവിഷ്ക്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. കയർ കെട്ടിക്കിടക്കുകയും 70% വരെ ഡിസ്കൗണ്ട് നൽകി വിൽക്കേണ്ടിവരുന്നതായ സ്ഥിതി 2016-17 നു ശേഷം അവസാനിച്ചു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് "കയർ കേരള 2017" മേളയിൽ ആരംഭിച്ച കയർ ഭൂവസ്ത്ര പദ്ധതിയുടെ ഫലമായാണ് ഇത്. ക്രയവില സ്ഥിരതാ പദ്ധതിയ്ക്ക് 13.5% സർക്കാർ ആനുകൂല്യം നൽകിയിരുന്നത് 16% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്നനിർമ്മാതാക്കൾക്ക് സാങ്കേതിക-സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതിനും അവരുടെ ഉല്പ്പന്നങ്ങൾ ശേഖരിക്കുന്നതിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനും കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നത് വഴി തൊഴിലാളികൾക്ക് കൃത്യമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പാക്കാൻ കഴിയുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ സമയബന്ധിതമായി തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം മിച്ചം വരുന്ന ഉല്പന്നങ്ങൾ പ്രത്യേക |

വിപണന ക്യാംപെയിനുകൾ വഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

കയർഫെഡ് അന്താരാഷ്ട്ര വിപണി ലക്ഷ്യമിട്ടുകൊണ്ട് ഒരു ഇ-കൊമേഴ്സ്യൽ പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഓൺലൈൻ സൈറ്റിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ഓൺലൈൻ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആമസോൺ, ഫ്ളിപ്പ്കാർട്ട്, പെപ്പർഫ്രൈ, ട്രേഡ് ഇന്ത്യ.കോം എന്നീ ഓൺലൈൻ വിപണന സംവിധാനങ്ങളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, ഡിജിറ്റൽ മാർക്കറ്റിംഗ് ലക്ഷ്യമിട്ട് ഉല്പന്നങ്ങൾക്ക് നേരിട്ട് ഓർഡർ നല്കാൻ സൗകര്യമൊരുക്കുന്ന വെബ്സൈറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കയർ വികസന വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും കയറും, കയറുല്പന്നങ്ങളും കയറ്റുമതി നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**കയർഫെഡ്:-** ഈ സർക്കാരിന്റെ കാലയളവിൽ കാനഡ, സ്പെയിൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളിലേക്ക് കയറുല്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്.

**കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ:-** ഈ സർക്കാരിന്റെ കാലയളവിൽ യു.എസ്.എ, ഫ്രാൻസ്, പോളണ്ട്, ബ്രസീൽ, ഇറ്റലി, ആസ്ട്രേലിയ, ഗ്വാട്ടിമാല, കുവൈറ്റ് എന്നീ രാജ്യങ്ങളിലേക്ക് കയറും, കയറുല്പന്നങ്ങളും കയറ്റുമതി ചെയ്തിട്ടുണ്ട്.

ഓരോ രാജ്യവുമായിട്ടുള്ള കയറ്റുമതിയിലൂടെ ലഭ്യമായിട്ടുള്ള പ്രതിവർഷ വരുമാനം വാർഷിക ക്രമത്തിൽ ചുവടെ ചേർക്കുന്നു.

**കയർഫെഡ്**

| വർഷം | തുക (ലക്ഷത്തിൽ) | സ്ഥലം |
|---|---|---|
| 2017-18 | 10.00 | കാനഡ |
| 2018-19 | 29.48 | സ്പെയിൻ |
| 2019-20 (T) | 25.86 | ഫ്രാൻസ് |

**കയർ കോർപ്പറേഷൻ**

| രാജ്യം | 1.4.2016-31.3.2017 (തുക കോടിയിൽ) | 1.4.2017-31.3.2018 (തുക കോടിയിൽ) | 1.4.2018-31.3.2019 (തുക കോടിയിൽ) |
|---|---|---|---|
| ബ്രസീൽ | 2.82 | 0.96 | 0.82 |
| ആസ്ട്രേലിയ | 0.64 | 1.40 | 1.71 |
| ഗ്വാട്ടിമാല | 0.19 | 0.11 | -- |
| കുവൈറ്റ് | 0.10 | -- | -- |
| യു.എസ്.എ | 0.10 | 0.17 | 0.41 |
| ഫ്രാൻസ് | 0.41 | 1.57 | 1.85 |
| പോളണ്ട് | 3.00 | 3.53 | 2.58 |
| ഇറ്റലി | 2.90 | 3.40 | 3.80 |
| **ആകെ** | **10.16** | **11.14** | **11.17** |

ബി) കേരളത്തിലെ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ബി) കയർ സഹകരണ സംഘങ്ങളിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആയതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. 2020-21 വർഷത്തിൽ 2000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സംസ്ഥാനത്ത് കുറഞ്ഞത് 200 സംഘങ്ങളിൽ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആലപ്പുഴ, വൈക്കം, കണ്ണൂർ, നോർത്ത് പറവൂർ, ചിറയിൻകീഴ്, കൊല്ലം, കായംകുളം എന്നീ പ്രോജക്ടുകളിലായി അടിസ്ഥാന സൗകര്യങ്ങളുള്ള 61 സംഘങ്ങളിൽ 620 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ 31/3/2020 ന് മുമ്പായി സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയ്ക്ക് ഓർഡർ

| | |
|---|---|
| | നൽകി കഴിഞ്ഞു. കായംകുളം, കണ്ണൂർ, ആലപ്പുഴ, വൈക്കം എന്നീ പ്രോജക്ടുകളുടെ പരിധിയിലുള്ള കയർ സഹകരണ സംഘങ്ങളിൽ 240 മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്ന തൊഴിലാളിക്ക് ശരാശരി 50 കിലോ 160-180 റണ്ണേജിലുള്ള വൈക്കം കയർ ഉല്പാദിപ്പിക്കാനാകും.<br>പരമ്പരാഗത/ഇലക്ട്രോണിക്ക് റാട്ടിൽ ശരാശരി 15-18 കിലോ ഗ്രാം കയർ രണ്ടോ മൂന്നോ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന സ്ഥാനത്താണ് ഒരു തൊഴിലാളി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളിൽ 50 കിലോ കയർ ഉൽപാദിപ്പിക്കുന്നത്. കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഇത് ഏറ്റവും സഹായകരമാണ്. |

സെക്ഷൻ ഓഫീസർ